ICPS-3/022429/15

സാമൂഹ്യനീതി ഡയറക്ടറേറ്റ്(Annex)
SCPS, പൂജപ്പുര, തിരുവനന്തപുരം
തീയതി: 17..03..2016

# സർക്കുലർ

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ICPS - NISH ന്റെ ആഭിമുഖ്യത്തിലുള്ള ഓൺലൈൻ രക്ഷകർത്തൃ ബോധവൽക്കരണ പരിപാടി - സംബന്ധിച്ച്.

സൂചന:- ഈ ഓഫീസിലെ ഇതേ നമ്പരിലുള്ള 20.10.2015 ലെ ഉത്തരവ്.

NISH ന്റെ ആഭിമുഖ്യത്തിൽ സാമൂഹ്യ നീതി വകുപ്പിന്റെ സഹകരണത്തോടെ നടത്തി വരുന്ന പ്രതിമാസ ഓൺലൈൻ രക്ഷകർത്തൃ ബോധവൽക്കരണ പരിപാടി കുടുതൽ പേർക്ക് പ്രയോജനം ചെയ്യത്തക്കരീതിയിൽ ഫലപ്രദമായി നടപ്പിലാക്കേണ്ടതുണ്ട്. ഇതു സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:-

1. എല്ലാ മാസവും മൂന്നാം ശനിയാഴ്ച രാവിലെ പത്തു മണിയ്ക്കാണ് ഓൺലൈൻ രക്ഷകർത്തൃ ബോധവല്ക്കരണ പരിപാടി സംഘടിപ്പിച്ചിട്ടുള്ളത്. ജില്ലാതലത്തിൽ ഡി.സി.പി.യുകളിൽ രക്ഷിതാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്ന പരിപാടിയിൽ കൂടുതൽ രക്ഷിതാക്കളെ പങ്കെടുപ്പിക്കേണ്ടതാണ്. ഇതിനുവേണ്ടി സൗകര്യപ്രദമായ ഒരു സ്ഥലം ഡി.സി.പി.ഒ.മാർ കണ്ടു പിടിക്കണം. പ്രസ്തുത പരിപാടിയിൽ ഡി.സി.പി.ഒ.മാരും ഇതു സംബന്ധിച്ച് പരിശീലനം സിദ്ധിച്ചിട്ടുള്ള ജീവനക്കാരും പങ്കെടുക്കണം.

2. എല്ലാ മൂന്നാം വെള്ളിയാഴ്ചകളിലും രാവിലെ 11 മണിയ്ക്ക് പിറ്റേദിവസം നടത്തുന്ന വിഷയത്തെ അധികരിച്ച് ഒരു ട്രയൽ റൺ നടത്തുന്നതാണ്. ഈ പരിപാടിയിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുക്കണം.

3. NISH ഓരോ മൂന്നുമാസ കാലയളവിൽ നടത്തുന്ന പരിപാടികളെ സംബന്ധിച്ച് മുൻകൂട്ടി അറിയിപ്പ് നല്കും. ഡി.സി.പി.ഒ.മാർ ഈ അറിയിപ്പ് അതത് ജില്ലയിലെ ഐ.സി.ഡി.എസ് പ്രോഗ്രാം ഓഫീസർക്ക് നല്കേണ്ടതും പ്രോഗ്രാം ഓഫീസർമാർ ഇത് അംഗൻവാടി പ്രവർത്തകർക്ക് എത്തിച്ചു കൊടുക്കേണ്ടതുമാണ്. അംഗൻവാടി പ്രവർത്തകർ ഭിന്നശേഷിയുള്ള കുട്ടികളുടെ രക്ഷിതാക്കളെ മുൻകൂട്ടി അറിയിപ്പു നല്കുകയും നിശ്ചയിച്ചിട്ടുള്ള ദിവസം അതതു ഡി.സി.പി.യുവിലെ പരിപാടിയിൽ പങ്കെടുക്കാൻ ആവശ്യപ്പെടേണ്ടതുമാണ്.

4. ജില്ലാതല പരിപാടികളിൽ പങ്കെടുക്കാൻ എത്തുന്നവർ ഏത് അംഗൻവാടി പ്രദേശത്തുള്ളവരാണെന്ന് ഡി.സി.പി.ഒ.മാരെ അറിയിക്കാൻ ആവശ്യപ്പെടേണ്ടതാണ്.

5. ഇതു സംബന്ധിച്ച് പരിശീലനം സിദ്ധിച്ച ജീവനക്കാർക്ക് രണ്ടാംവട്ട പരിശീലനം ഉടൻ നിഷ് സംഘടിപ്പിക്കുന്നതാണ്. പ്രസ്തുത പരിശീലന പരിപാടിയെക്കുറിച്ച് അറിയിപ്പു ലഭിച്ചാൽ ബന്ധപ്പെട്ട ജീവനക്കാരെ പരിശീലനത്തിന് നിയോഗിക്കണം.

ഓൺലൈൻ ബോധവല്ക്കരണ പരിപാടിയുടെ സാങ്കേതികമായ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രവർത്തനങ്ങൾ നടന്നു വരുകയാണ്.

2016 മാർച്ച്മാസത്തെ പരിപാടി 19.3.2016 ന് രാവിലെ 10 മണിയ്ക്കും ട്രയൽ റൺ 18.3.2016 ന് രാവിലെ 11 മണിയ്ക്കും നടത്തുന്നതാണെന്ന വിവരവും അറിയിക്കുന്നു.

Sd/-
സാമൂഹ്യനീതി ഡയറക്ടർ (ഇൻ ചാർജ്)

എല്ലാ ജില്ലാ ശിശുസംരക്ഷണ ഓഫീസർമാർക്കും.

എല്ലാ ഐ.സി.ഡി.എസ് പ്രോഗ്രാം ഓഫീസർമാർക്കും.

കോപ്പി ടു: 1. എക്സി. ഡയറക്ടർ, നിഷ്, തിരുവനന്തപുരം.

2. സ്റ്റേറ്റ് ഡയറക്ടർ, ഐ.സി.ഡി.എസ്.

3. പ്രോഗ്രാം മാനേജർ, എസ്.സി.പി.എസ്.

4. സ്റ്റോക്ക് ഫയൽ.